**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **05-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ജി.എസ്.ടി പോർട്ടലിലെ തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്ന ജി.എസ്.ടി പോർട്ടലിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | വ്യാപാരികൾ റിട്ടേൺ ഫയൽ ചെയ്യുന്ന സമയത്ത് ജി.എസ്.ടി. പോർട്ടലിൽ ചില സമയങ്ങളിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. സംവിധാനം പൂർണ്ണമായും ഓൺലൈൻ ആണ്. ജി.എസ്.ടി.എൻ. സംവിധാനത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ കാരണവും നികുതിദായകന്റെ ഇന്റർനെറ്റ് സംവിധാനത്തിന്റെ പ്രശ്നങ്ങൾ കാരണവും റിട്ടേൺ ഫയൽ ചെയ്യുമ്പോൾ തടസ്സങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം പ്രശ്നങ്ങൾ നികുതിദായകന് നേരിട്ട് ജി.എസ്.ടി.എൻ-നെ അറിയിക്കുന്നതിനുള്ള പ്രശ്നപരിഹാര സംവിധാനം പോർട്ടലിൽ ലഭ്യമാണ്. ഇത്തരം പ്രശ്നങ്ങൾ ഉടൻ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ ജി.എസ്.ടി.എൻ ചെയ്തുവരുന്നുണ്ട്. |
| (ബി) | ജി.എസ്.ടി പോർട്ടലിൽ തടസ്സം നേരിടുന്നതുമൂലം സമയത്ത് വ്യാപാരികൾക്ക് റിട്ടേൺ സമർപ്പിക്കുവാൻ സാധിക്കുന്നില്ല. റിട്ടേൺ ഓരോ ദിവസം വൈകുന്നതിനും 20 -50 രൂപവരെയാണ് പിഴ ഈടാക്കുന്നത്. എന്നാൽ ടി പോർട്ടലിന്റെ പ്രശ്നങ്ങൾ കാരണം റിട്ടേൺ വൈകുന്നതിന് നികുതിദായകൻ പിഴ അടക്കേണ്ടി വരുന്നു. വ്യാപാരികളുടെ ഈ പിഴ ബാദ്ധ്യത ഒഴിവാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ? | (ബി) | ജി.എസ്.ടി.എൻ.-ന്റെ പോർട്ടലിൽ തകരാറു മൂലം റിട്ടേൺ ഫയൽ ചെയ്യുന്നതിന് തടസ്സം നേരിടുകയാണെങ്കിൽ ജി.എസ്.ടി.എൻ സ്വമേധയാ സമയം നീട്ടിനൽകുന്നതായാണ് കണ്ടുവരുന്നത്. ജി.എസ്.ടി.എൻ പോർട്ടലിൽ തകരാറു മൂലം പിഴ ഒടുക്കേണ്ടി വരുന്ന നികുതിദായകർക്ക് പ്രശ്ന പരിഹാര പോർട്ടലിൽ പരാതി ഉന്നയിക്കുന്ന മുറയ്ക്ക് ജി.എസ്.ടി.എൻ പരിശോധിച്ച് പിഴ തുക തിരികെ ക്രെഡിറ്റ് ആയി ലഭിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ